**പതിമൂന്നാം കേരള നിയമസഭ**
ആറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ 3233

21/12/2012 ൽ മറുപടിക്ക്

**കേന്ദ്ര പദ്ധതികളുടെ മാനദണ്ഡങ്ങളിൽ ഭേദഗതി**

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. ഇ. പി. ജയരാജൻ | | ശ്രീ. കെ. സി. ജോസഫ് (ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പ് മന്ത്രി) | |
| എ) | ഗ്രാമീണ റോഡുകളുടെ വികസനത്തിനായി ഏതെല്ലാം കേന്ദ്ര-സംസ്ഥാന പദ്ധതികളാണ് ഗ്രാമവികസന വകുപ്പ് മുഖേന ഇപ്പോൾ നടപ്പിലാക്കി വരുന്നതെന്ന് വ്യക്തമാക്കുമോ ; | എ) | ഗ്രാമവികസന വകുപ്പിൻ കീഴിൽ പി.എം.ജി. എസ്.വൈ പദ്ധതിയാണ് റോഡ് വികസനത്തിന് നടപ്പിലാക്കിവരുന്നത് |
| ബി) | 2012-2013 സാമ്പത്തിക വർഷത്തിൽ എത്ര കോടി രൂപയുടെ പദ്ധതികളാണ് കേന്ദ്ര ഗവൺമെന്റിന്റെ അംഗീകാരത്തിനു സമർപ്പിച്ചതെന്ന് വ്യക്തമാക്കുമോ ; | ബി) | 2012-2013 വർഷം പദ്ധതികളൊന്നും കേന്ദ്രസർക്കാരിൽ സമർപ്പിക്കാൻ അനുവാദം ലഭിച്ചിട്ടില്ല. എന്നാൽ 2012-2013 വർഷം പി.എം.ജി. എസ്.വൈ എട്ടാം ഘട്ടത്തിൽ 720 കി.മീ റോഡുകളുടെ പ്രോജക്ട് സമർപ്പിക്കുന്നതിനുള്ള അനുമതി കേന്ദ്ര സർക്കാരിൽ നിന്നും ലഭിച്ചിട്ടുണ്ട്. എട്ടാം ഘട്ടത്തിൽ ഉൾപ്പെടുത്തുന്നതിന് പരിഗണിക്കുന്നതിനായി ജില്ലയിൽ നിന്നും സമർപ്പിച്ച റോഡുകളുടെ പട്ടിക സംസ്ഥാനതല സ്റ്റാന്റിംഗ് കമ്മിറ്റി അംഗീകരിച്ചിട്ടുണ്ട്. അതനുസരിച്ച് 57.68 കി.മീ ദൈർഘ്യമാണ് കണ്ണൂർ ജില്ലയ്ക്ക് അനുവദിച്ചിട്ടുള്ളത്. ടി റോഡുകൾക്ക് വിശദമായ പ്രോജക്ട് റിപ്പോർട്ട് (DPR) തയ്യാറാക്കുന്നതിന് ജില്ലയിലെ പ്രോജക്ട് ഇംപ്ലിമെന്റേഷൻ യൂണിറ്റിന്റെ (PIU) ചുമതലയുള്ള എക്സിക്യൂട്ടീവ് എൻജിനിയർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കുന്നതിനുള്ള നടപടി അന്തിമ ഘട്ടത്തിലാണ്. |

| | | | |
|---|---|---|---|
| സി) | ഇതിൽ കണ്ണൂർ ജില്ലയിലെ ഏതെല്ലാം പ്രവൃത്തികൾ ഉൾപ്പെട്ടിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ; | സി) | എട്ടാം ഘട്ടത്തിൽ ഏറ്റെടുക്കുന്നതിനായി 57.68 കി.മീ ദൈർഘ്യം വരുന്ന 17 റോഡുകൾ ഉൾപ്പെടുത്തിയിട്ടുണ്ട്. റോഡുകളുടെ പേര് അനുബന്ധമായി ചേർത്തിരിക്കുന്നു. |
| ഡി) | കേന്ദ്ര പദ്ധതികളുടെ മാനദണ്ഡങ്ങളിൽ സംസ്ഥാനത്തിന്റെ സാഹചര്യങ്ങൾക്കനുസരിച്ച് ഭേദഗതികൾ അംഗീകരിക്കണമെന്ന ആവശ്യം പ്രസ്തുത പദ്ധതികളുടെ കാര്യത്തിൽ അംഗീകരിക്കപ്പെട്ടിട്ടുണ്ടോയെന്നും എങ്കിൽ പുതുക്കിയ മാർഗ്ഗനിർദ്ദേശങ്ങൾ എന്താണെന്നും വ്യക്തമാക്കുമോ ? | ഡി) | പി.എം.ജി.എസ്.വൈ പദ്ധതിയിൽ റോഡുകൾ തെരഞ്ഞെടുക്കുന്നതിനുള്ള മാനദണ്ഡത്തിൽ മാറ്റം വരുത്തിയിട്ടില്ല. ഈ പദ്ധതി പ്രകാരം ഏറ്റെടുക്കുന്ന റോഡുകളുടെ വീതിയിൽ ഇളവ് അനുവദിച്ചിട്ടുണ്ട്. കേന്ദ്രസർക്കാർ നിയോഗിച്ച വിദഗ്ദ സമിതിയുടെ ശുപാർശ പ്രകാരം സമതല പ്രദേശങ്ങളിൽ ത്രൂറോഡുകൾക്ക് ഏറ്റവും കുറഞ്ഞവീതി ഏഴര മീറ്ററും, ലിങ്ക് റോഡുകൾക്ക് 6 മീറ്ററും ആയി നിശ്ചയിച്ചിട്ടുണ്ട്. മലമ്പ്രദേശങ്ങളിൽ എല്ലാ റോഡുകൾക്കും എറ്റവും കുറഞ്ഞ വീതി 6 മീറ്റർ മതിയാകുന്നതാണ്. |

സെക്ഷൻ ഓഫീസർ

അനുബന്ധം

| ക്രമ നമ്പർ | കോഡ് | റോഡിന്റെ പേര് |
|---|---|---|
| 1 | എൽ024 | പാടിച്ചാൽ - കുവാടി |
| 2 | എൽ078 | പാടി - വെസ്റ്റ് പാടി |
| 3 | എൽ054 | പാണപ്പുഴ - പാണപ്പുഴച്ചൽ |
| 4 | എൽ040 | പയ്യാവൂർ - ആലിൻചുവട് മുത്താറിക്കുളം |
| 5 | എൽ067 | പൈസായി - ചോലക്കരി |
| 6 | എൽ023 | മണ്ണൽക്ക് - മിടിലക്കയം - താരചീറ്റ |
| 7 | എൽ025 | ചേമ്പേരി - രത്നഗിരി |
| 8 | എൽ089 | ശ്രീകണ്ഠാകുരം - ഞണ്ണമല |
| 9 | എൽ076 | വിളക്കോട് - കായ്പനച്ചി |
| 10 | എൽ051 | ചങ്ങല ഗേയ്റ്റ് - പെരുവ |
| 11 | എൽ065 | കാഞ്ഞിലേരി - കക്കാട്ട്പറമ്പ് |
| 12 | എൽ071 | മുണ്ടയാട് - പോൾട്രിഫാം - പെരിങ്ങളായി |
| 13 | എൽ069 | അതിരകം യു.പി. സ്ക്കൂൾ തേരോട്ട് കാവ് |
| 14 | എൽ062 | ചാല - മനിയാളം - പള്ളിപൊയിൽ |
| 15 | എൽ051 | തെക്കുംപൊയിൽ - പുള്ളിപൊയിൽ |
| 16 | എൽ024 | ഇരുപത്തിഒമ്പതാം മൈൽ - ഒറ്റകൊമ്പൻചാൽ |
| 17 | എൽ021 | ചരൾ - ചരൾതട്ട് |

സെക്ഷൻ ഓഫീസർ